നാദാപുരം ഗ്രാമ പഞ്ചായത്ത്



ബജറ്റ്

2024–25



ആമുഖം

നാദാപുരം ഗ്രാമ പഞ്ചായത്തിന്റെ നിലവിലെ ഭരണ സമിതിയുടെ നാലാമത്തെ ബജറ്റാണിത്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായതും ഉൽപ്പാദന സേവന അടിസ്ഥാന വികസനമേഖലകളിലും വയോജന വനിത ശിശു,ഭിന്നശേഷി പട്ടികജാതി മേഖലകളിലെ വളർച്ചയും വികസനവും ലക്ഷ്യം വച്ച് ആണ് 2024-25 ലെ ബജറ്റ് രൂപപ്പെടുത്തി ഇന്നിവിടെ അവതരിപ്പിക്കുന്നത്.സുസ്ഥിരവികസന ലക്ഷ്യത്തിന്റെ ഭാഗമായി കുട്ടികളുടെ ഉന്നതിക്കും ക്ഷേമത്തിനും മുൻതൂക്കം നല്കുന്ന പദ്ധതികളാണ് ഈ വർഷത്തെ ബജറ്റിന്റെപ്രത്യേകത. പഞ്ചായത്തിന്റെ തനത് വരുമാനവർദ്ധനവ് ഉണ്ടായാൽ മാത്രമെ സമഗ്രവികസനത്തിന് ഇനിയും മുന്നോട്ട്കുതിക്കാൻ കഴിയുകയുള്ളു.ബജറ്റിലെ മേഖലാപരവും സംഖ്യാപരവുമായ വകയിരുത്തലുകളെ കുറിച്ച് ഞാൻ പ്രതിപാദിക്കുന്നില്ല .അത് ബഹുമാന്യ വൈസ് പ്രസിഡന്റ് നമുക്ക് മുന്നിൽ അവതരിപ്പിക്കും പ്രധാനമായും നമ്മുടെ ബജറ്റിൽ രണ്ട്തരത്തിലുള്ള വരവ് ചെലവുകളാണ് ഉള്ളത് ഒന്ന് പദ്ധതി പ്രകാരവും മറ്റൊന്ന് പദ്ധതിയേതരവും. സാധാരണയിൽ നിന്നും വ്യത്യസ്തമായി ഈ വർഷം സംസ്ഥാന ബജറ്റ് പ്രഖ്യാപിക്കുന്നതിന് മുൻപാണ് നാം ഈ ബജറ്റ് തയ്യാറാക്കുന്നത്. ലോകസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പായി ബജറ്റ് അവതരിപ്പിക്കുന്നതിനുള്ള നിർദ്ദേശപ്രകാരംമാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്.പദ്ധതി വരുമാനം കഴിഞ്ഞ വർഷത്തെ വിഭവസ്ത്രോതസ്സുകളെ അടിസ്ഥാനമാക്കി ആണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ബജറ്റിന് ശേഷം പദ്ധതി അടങ്കലിൽ വരുന്ന മാറ്റത്തിന് വിധേയമായി ഈ ബജറ്റ് പരിക്ഷ്ക്കരിക്കേണ്ടതുണ്ട്. .കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് 2023 ഡിസംബർ മാസത്തിൽ തന്നെ തന്നെ പദ്ധതി ആസൂത്രണ പ്രവർത്തികൾ ആരംഭിച്ചു.ആസൂത്രണത്തിലെ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി രണ്ടിലേറെ തവണ വർക്കിംങ്ങ് ഗ്രൂപ്പ് യോഗങ്ങൾ വിളിച്ചു ചേർത്തു,വിഷയ മേഖലാ വിദഗ്ദരുടെ യോഗങ്ങൾ, വയോജന ഗ്രാമസഭ, വനിതഗ്രാമസഭ, ഭിന്നശേഷി ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ, പട്ടികജാതി ഗ്രാമസഭ, വികസന സെമിനാർ എന്നിവ നടത്തുന്നതിനും ജനകീയ പദ്ധതിരൂപീകരണത്തിനും സാധിച്ചിട്ടുണ്ട്.നാദാപുരം ബസ്സ്റ്റാന്റ് നവീകരണത്തിന്റെ ഭാഗമായി ഡി പി ആർ തയ്യാറാക്കൽ,സ്റ്റബിലിറ്റി പരിശോധ എന്നീ പ്രാഥമിക പ്രവർത്തികൾ നടന്നിട്ടുണ്ട്. കെ യു ആർ ഡി എഫ് സിയിൽ നിന്നും 10 കോടി രൂപ കടമെടുത്ത് ഈ വർഷം നാദാപുരം ഗ്രാമ പഞ്ചായത്തിലെ മികച്ച ബസ്സ്റ്റാന്റ് കം ഷോപ്പംങ്ങ് കോപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കാൻ ഭരണസമിതി ഉദ്യേശിക്കുന്നു. കൂടാതെ നാദാപുരം ഗ്രാമ പഞ്ചായത്തിലെ യാത്രാസൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹനസൗകര്യംഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കെ എസ് ആർ ടി സിയുമായി ചേർന്ന് ഗ്രാമ വണ്ടി എന്ന പദ്ധതി വിഭാവനം ചെയ്യുന്നു. നാദാപുരം പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് നല്കുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് രണ്ടായിരത്തിന് ശേഷമുള്ള പഞ്ചായത്തിലെ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുബോൾ,അവരുടെ അതിജീവനം, വികസനം,സംരക്ഷണം,പങ്കാളിത്തം എന്നീ അവകാശങ്ങൾ സമഗ്രമായി അനുഭവിക്കാൻ അവർക്ക് കഴിയുന്നു.നാദാപുരം ഗ്രാമ പഞ്ചായത്ത് കുട്ടികളുടെ കായിക മാനസിക വികസനത്തിനായികുട്ടികളുടെ പാർക്ക് എന്ന പദ്ധതിക്കായി ഈ ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്..ഉത്പാദന സേവന അടിസ്ഥാന വികസന മേഖലകളിലും വയോജന, വനിത ശിശു, ഭിന്നശേഷി,പട്ടികജാതി വിഭാഗങ്ങൾക്കിടയിലെ വളർച്ചയും വികസനവും ലക്ഷ്യം വച്ച്തയ്യാറാക്കിയ ബജറ്റ്ലക്ഷ്യപ്രാപ്തികൈവരിക്കുന്നതിന് നാദാപുരം ഗ്രാമ പഞ്ചായത്തിലെ എല്ലാ വിഭാഗം ആളുകളുടെയും മികച്ച പിന്തുണ പ്രതീക്ഷിക്കുന്നു

(ഒപ്പ്)

നാദാപുരം വി വി മുഹമ്മദലി

03/02/202 പ്രസിഡന്റ് ,നാദാപുരം ഗ്രാമ പഞ്ചായത്ത്



ബജറ്റ് പ്രസംഗം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ബജറ്റുകൾ ഓരോ സാമ്പത്തിക വർഷത്തെയും വിഭവ ലഭ്യതക്കനുസരിച്ചും ആയത് വിനിയോഗിക്കുന്നതിനുനുസൃതമായും തുലിതമാക്കുക എന്ന ഭരണപരവും നിയമപരവുമായ ചുമതല ,എന്നതിൽ കവിഞ്ഞ് സമൂഹത്തിൽ ഉത്പാദന സേവന അടിസ്ഥാന മേഖലകളിൽ സമൂലമായ മാറ്റം ഉണ്ടാക്കുക എന്നതാണ് ബജറ്റിൽ ലക്ഷ്യം വയ്ക്കുന്നത്.ഓരോ ചെലവഴിക്കലും നീതിപൂർവ്വവും പുരോഗനാത്മകവും ഉത്പാദനാധിഷ്ഠിതവുമാവണമെന്ന ചിന്തയും,അഴിമതി മുക്തവും സാങ്കേതിക വിദ്യകളുടെ പ്രയോജനപ്പെടുത്തലുകളിലൂടെ പൊതുജനസൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് സേവനം നല്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും, ദുർബല വിഭാഗങ്ങളെ ചേർത്തുപിടിച്ചുമുള്ള വികസനത്തിനാണ് നാദാപുരം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റിൽ വകയിരുത്തലുകൾ നടത്തിയിട്ടുള്ളത്. സ്വതന്ത്രസാമ്പത്തികസമൂഹത്തിൽ പഞ്ചായത്തിന്റെ കൃത്യമായ ഇടപെടലാണ് ബജറ്റ്.ഉത്പാദനത്തെയും വരുമാനത്തെയും അടിസ്ഥാനമാക്കി നികുതി നിശ്ചയിച്ച് പൊതുസമ്പത്ത് ആർജിക്കുകയും അതിനെ പൊതുസമൂഹത്തിലേക്ക് നീതിപൂർവ്വമായി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് ബജറ്റിന്റെ പൊതു ദൗത്യം.പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും 175 ാം വകുപ്പ് സെക്ഷൻ 124 വിധേയമായി അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്ചെലവ് കണക്കുകളുടെ വിശദമായ എസ്റ്റിമേറ്റാണ് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഈ വർഷം സംസ്ഥാന ബജറ്റ് പ്രഖ്യാപിക്കുന്നതിന് മുൻപാണ് നാം ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് 2024-25 വർഷത്തെപദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്.2023-24 ലിലെ ബജറ്റിലെ തുകകൾക്ക് അനുസൃതമായാണ്നി ലവിൽ ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ബജറ്റ് പ്രഖ്യാപിക്കുന്നമുറയ്ക്ക് പദ്ധതിയിലെ വകയിരുത്തലുകൾക്ക് ആനുപാതികമായ മാറ്റം പ്രതീക്ഷിക്കുന്നു

വികസനരംഗത്തും വിഭവസമാഹരണ രംഗത്തും കക്ഷിരാഷ്ട്രീയത്തിനതീതമായ കാഴ്ചപ്പാടുകളിലൂടെ ഒർപാട് നേട്ടങ്ങൾ നാദാപുരം ഗ്രാമ പഞ്ചായത്ത് നേടിയെടുത്തിട്ടുണ്ട്.ഭരണസമിതിയോട് സഹകരിച്ച ജീവനക്കാരുടെ സേവനം ഇവിടെ സ്മരിക്കുന്നു.നികുതി പിരിവിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷം 100 ശതമാനം നേട്ടം കൈവരിച്ചിട്ടുണ്ട്.ഈ വർഷവും പ്രസ്തുതനേട്ടം കൈവരിക്കാനാവുമെന്നതാണ് കരുതുന്നത്.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.2023-24 വർഷത്തെ ബജറ്റിൽ ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കാവശ്യമായ പദ്ധതികൾ ഉൾചേർത്തിട്ടുണ്ട്.2023-24 വർഷത്തെ ബജറ്റിന് ഏറ്റവും പ്രസക്തമാക്കുന്നത് സുസ്ഥിരവികസന ലക്ഷ്യത്തിന്റെ ഭാഗമായി കുട്ടികളുടെ ഉന്നതിക്കും ക്ഷേമത്തിനും മുൻതൂക്കം നല്കുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിയതാണ് .പദ്ധതികളിലും പദ്ധതിയേതര വകയിരുത്തലുകളിലും പരമാവധി ലിംഗപദവി സമത്വം സാധ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖം മനസ്സിൽ കണ്ട് കൊണ്ട് സാമൂഹ്യനീതിയിലധിഷ്ഠിതമായ ഈ ബജറ്റ് തയ്യാറാക്കുന്നതിന് പിന്തുണ നല്കിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ആസൂത്രണ സമിതി അംഗങ്ങൾ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ വികസന സെമിനാറിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമസഭാഅംഗങ്ങൾ, പഞ്ചായത്ത് ജീവനക്കാർ എന്നിവർക്കെല്ലാം ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. പഞ്ചായത്തിലെ ഓരോ ചെലവഴിക്കലും നീതിപൂർവ്വവും പുരോഗനാത്മകവും ഉല്പാദനപരവുമാവണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടും ഈ ബജറ്റുകൾ നാദാപുരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സമർപ്പിക്കുന്നു

നാദാപുരം (ഒപ്പ്)

03/02/2024 അഖില മര്യാട്ട്

വൈസ് പ്രസിഡന്റ് നാദാപുരം ഗ്രാമ പഞ്ചായത്ത്

ബഡ്ജറ്റ് ചുരുക്കം

1)നികുതി നികുതിയേതര വരുമാനം,വിവിധഗ്രാന്റുകൾ ഫണ്ടുകൾ എന്നീയിനങ്ങളിൽ പ്രതീക്ഷിക്കുന്ന വരവുകൾ	
നികുതി വരുമാനം	
കെട്ടിട നികുതി	20000000
തൊഴിൽ നികുതി	45,00000
നികുതിയേതര വരുമാനം	17421000
ജനറൽപർപ്പസ് ഫണ്ട്	32905577
ആകെ തനത് വരുമാനം	**74826577**
പദ്ധതി ഫണ്ടുകൾ	
വികസന ഫണ്ട് ജനറൽ	2,29,38000
വികസന ഫണ്ട് എസ് സി പി	13,22000
ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ്	4640000
ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്	6960000
മെയിന്റനൻസ് ഫണ്ട് റോഡ്	32873000
മെയിന്റനൻസ് ഫണ്ട് നോൺറോഡ്	6,40,7000
ലോണുകൾ	100000000
ഗുണഭോക്തൃ വിഹിതം	2707253
സംയുക്തപദ്ധതികൾക്ക് ലഭ്യമാവുന്നതുക	3700000
തൊഴുലുറപ്പു പദ്ധതി	200000000
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(പി എം എസ്കെ വൈ അടക്കം)	1,50,24,250
മറ്റ് വരവുകൾ	
വിവിധ പെൻഷനുകൾ	7,0000000
ഡെപ്പോസിറ്റ്	10,00000
ആകെ	**531455453**
മുൻബാക്കി	46803267
വരവുകൾ ആകെ	**578258720**

ചെലവുകൾ	
ജീവനക്കാരുടെ വേതനം	18052895
ദിവസവേതനം	1950000
ബോണസ്	55000
യാത്രാബത്ത	300000
മറ്റ് അലവൻസുകൾ	200000
ജനപ്രതിനിധികളുടെ ഹോണറേറിയം	2500000
സിറ്റിംങ്ങ് ഫീ	300000
ജനപ്രതിനിധികളുടെ യാത്രാ ബത്ത	100000
പെൻഷൻ കോൺട്രിബ്യൂഷൻ	1500000
അവധി ശമ്പളം,സേവന വിരാമ ആനുകൂല്യങ്ങൾ	2000000
ഓഫീസ് ചെലവുകൾ	160000
വാർത്താ വിനിമയ ചെലവുകൾ	450000
പുസ്തകങ്ങളും ആനുകാലികങ്ങളും	60000
അച്ചടിയും സ്റ്റേഷനറിയും	250000
ഇൻഷൂറൻസ്	125000
ഓഡിറ്റ് ഫീ	0
നീതിന്യായസേവനങ്ങൾ	50000
പ്രൊഫഷണൽ സേവനങ്ങൾ	6000
പരസ്യം പ്രചാരണം	250000
വരിസംഖ്യ	10000

തിരഞ്ഞെടുപ്പ് ചെലവുകൾ	150000
അസാധാരണ ചെലവുകൾ	5000
മറ്റ് ഭരണ ചെലവുകൾ	400000
വൈദ്യുതി ചാർജ്	1400000
ഇന്ധന ചെലവ്	400000
വാട്ടർചാർജ്	1500000
വാടക	100000
പൊതുകെട്ടിടങ്ങൾ സംരക്ഷണം അറ്റകുറ്റ പണി	800000
പൊതു ആസ്തികൾ സംരക്ഷണം	410000
വായ്പാ പലിശ അടവ്	45000
ബാങ്ക് ചാർജ്	2500
ഉത്പാദനമേഖല	
തെങ്ങ് കൃഷി	1599984
പച്ചക്കറി	2200066
മറ്റ് വിളകൾ	100000
മൃഗസംരക്ഷണം	2335800
ക്ഷീരവികസനം	500000
സേവനമേഖല	
പ്രൈമറി വിദ്യാഭ്യാസം	**700000**
എസ് എസ് എ	**5,00000**
വിദ്യാഭ്യാസം കുട്ടികൾ അനുബന്ധപ്രവർത്തനങ്ങൾ	**100000**
പൊതുആരോഗ്യപരിപാടികൾ	**2720000**
മരുന്നുകൾ	**835000**

ശുചിത്വം മാലിന്യ പരിപാലനം	**3568400**
ഭവന നിർമ്മാണം	**24120000**
വൃദ്ധർ ഭിന്നശേഷിയുള്ളവർ	**3225000**
വനിതാക്ഷേമം	**530000**
ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	**120633080**
പട്ടികജാതി ക്ഷേമം	**1322000**
വനിത ക്ഷേമ പരിപാടി	**2948500**
അംഗൻവാടി പോഷകാഹാരം	**4600000**
അംഗൻവാടി അനുബന്ധസൗകര്യങ്ങൾ	**1400000**
സൽഭരണം	**500000**
ഘടകസ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ	**4892000**
മറ്റ് സേവനപദ്ധതികൾ	**37449000**
ഐ കെ എം വിഹിതം	**100000**
പശ്ചാത്തലമേഖല	**38648000**
വിവിധ ക്ഷേമ പെൻഷനുകൾ	7,0000000
കുടുംബശ്രീ	**500000**
തൊഴിലുറപ്പ് പദ്ധതി	**20000000**
ഡെപ്പോസിറ്റ്	10,00000
ആകെ ചെലവുകൾ	**516845075**

2023-24 ബജറ്റ് സംഗ്രഹം

മുൻബാക്കി	**46803267**
വരവ്	**77026577**

ആകെ വരവ്	**578258720**
ചെലവ്	**516845075**
നീക്കി ബാക്കി	**61413645**

ബജറ്റ് വർഷത്തിലെ പ്രധാന പദ്ധതികൾ

- റോഡുകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും – 12 കോടി 13 ലക്ഷം

നാദാപുരം ഗ്രാമപഞ്ചായത്തിലെ റോഡുകൾ പുനരുദ്ധീകരിക്കുന്നതിനും മഹാത്മാഗാന്ധി തൊഴിലുറപ്പ് ഫണ്ട് കൂടി ഉൾപ്പെടുത്തി പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനും നവീകരിക്കുന്നതിനും മുൻഗണന നൽകുന്നു. വാഹനപെരുപ്പത്തിൽ വീർപ്പുമുട്ടുന്ന പഞ്ചായത്ത് പ്രദേശത്ത് എല്ലാ സ്ഥലങ്ങളിലും ഗതാഗത സൗകര്യം ഉറപ്പ് വരുത്തുന്നതിനാണ് പദ്ധതി നടപ്പിലാക്കുന്നത്. മെയിന്റനൻസ് റോഡ് ഫണ്ട് വകയിരുത്തി 2023-2024 വർഷം തയ്യാറാക്കിയ പദ്ധതികളിൽ മുഴുവൻപദ്ധതികളും ബഹു വർഷ പദ്ധതികള് ആയതിനാല് 2024-25 വർഷം ലഭ്യമാകുന്ന മെയിന്റനൻസ് റോഡ് ഫണ്ട് തുക മുഴുവന് തുകയും ഈ റോഡുകളുടെ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വകയിരുത്തുന്നതിന് തീരുമാനിച്ചു.

- നാദാപുരം ബസ്സ് സ്റ്റാന്ഡ് ബിൽഡിംഗ് നവീകരണം

.നാദാപുരം ബസ്സ്റ്റാന്റ് നവീകരണത്തിന്റെ ഭാഗമായി ഡി പി ആർ തയ്യാറാക്കൽ,സ്റ്റബിലിറ്റി പരിശോധ എന്നീ പ്രാഥമിക പ്രവർത്തികൾ നടന്നിട്ടുണ്ട്. കെ യു ആർ ഡി എഫ് സിയിൽ നിന്നും 10 കോടി രൂപ കടമെടുത്ത് ഈ വർഷം നാദാപുരം ഗ്രാമ പഞ്ചായത്തിലെ മികച്ച ബസ്സ്റ്റാന്റ് കം ഷോപ്പംങ്ങ് കോപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കാൻ ഭരണസമിതി ഉദ്ദ്യേശിക്കുന്നു.

കുട്ടികളുടെ പാർക്ക്-15 ലക്ഷം

നാദാപുരം ഗ്രാമ പഞ്ചായത്തിലെ വാർഡ്-6 ല് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിന്

ഗ്രാമവണ്ടി-1050000

നാദാപുരം ഗ്രാമ പഞ്ചായത്തിലെ യാത്രാസൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹനസൗകര്യംഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കെ എസ് ആർ ടി സിയുമായി ചേർന്ന് ഗ്രാമ വണ്ടി എന്ന പദ്ധതി വിഭാവനം ചെയ്യുന്നു

പഞ്ചായത്ത് രേഖകൾ ഡിജിറ്റലൈസേഷന്

രണ്ടായിരത്തിന് ശേഷമുള്ള പഞ്ചായത്തിലെ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന്

ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്

പട്ടികജാതി വികസനം – 13.22ലക്ഷം

പട്ടികജാതിയിൽപ്പെട്ട കുട്ടികളുടെ പഠന ഉന്നമനം ലക്ഷ്യമാക്കി സ്കോളർഷിപ്പ് ,പഠനമുറി ,ലാപ്ടോപ്പ് എന്നിവയ്ക്കായും വീട് റിപ്പയർ, ലൈഫ് ഭവനപദ്ധതിപ്രകാരം വീട് നിർമാണം എന്നിവയ്ക്കും തുക വകയിരുത്തലുകളിലൂടെ പട്ടികജാതി വികസനം ലക്ഷ്യമിടുന്നു.

ഭവന നിർമ്മാണം, വീട് വാസയോഗ്യമാക്കൽ – 1 കോടി 29 ലക്ഷം

സ്വന്തമായി തലചായ്ക്കാൻ ഒരു ഇടമില്ലാത്തവർ പഞ്ചായത്തിൽ ഉണ്ടാവരുതെന്ന ലക്ഷ്യം മുൻനിർത്തിയും ലൈഫ് ഭവന പദ്ധതിയിൽ പരമാവധി ആളുകൾക്ക് വീട് എന്ന സ്വപ്ന സാക്ഷാത്കാരത്തിനും പദ്ധതി വിഭാവനം ചെയ്യുന്നു.

തൊഴിലുറപ്പ് പദ്ധതി – 20 കോടി
2024 2025 വർഷത്തെ ആക്ഷന് പ്ളാന് പ്രകാരം 79866920 രൂപ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കും 120133080 രൂപ സേവന പദ്ധതികൾക്കും ചെലവഴിക്കുന്നതിന് വിഭാവന ചെയ്യുന്നു.

പാലിയേറ്റീവ് കെയർ – 6 ലക്ഷം
ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുവാൻ ഡോക്ടറുടെയും വിദഗ്ദരുടെയും സേവനം ഉറപ്പ് വരുത്തി മെച്ചപ്പെട്ടതാക്കാൻ സുമനസ്സുകളുടെ സഹായം കൂടി കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടുതൽ മെച്ചപ്പെട്ട ഹോം കെയറിനുള്ള പുതിയവാഹനം വാങ്ങുന്നതിന് പൊതുജന പങ്കാളിത്തതോടെ കലക്ഷൻ നടത്തിവരുന്നു.

അംഗനവാടി പ്രവർത്തനം – 49.10 ലക്ഷം

അങ്കണവാടികളിലൂടെ കുട്ടികൾക്കും കൗമാരക്കാർക്കും പോഷകാഹാരം നൽകൽ, അങ്കണവാടിളുടെ പാശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തൽ ൊന്നിവ ലക്ഷ്യംവെക്കുന്ന പദ്ധതിയാണിത്.

സമഗ്ര വിദ്യാഭ്യാസ പദ്ധതി – 13.5 ലക്ഷം
ഗ്രാമപഞ്ചായത്ത് മേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും കലാസാംസ്കാരിക കായിക മേഖലിയിലെ മികവിന് പ്രോത്സാഹനം നല്കുന്നതിനുമാണ് പദ്ധതി. അഭ്യവിദ്യരായ യുവജനങ്ങൾക്ക് ജോലി ,സ്വയം സംരംഭങ്ങൾ എന്നിവയ്ക്ക് പരിശീലനമൊരുക്കുന്നു.

മാലിന്യസംസ്കരണം – 35.68 ലക്ഷം
ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും വീടുകളിൽ ഉറവിട ജൈവ്യമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനും പൊതു മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുമായി പദ്ധതി വിഭാവനം ചെയ്യുന്നു. ഹരിതകർമ്മസേന വഴി അജൈവ മാലിന്യ പരിപാലനം മെച്ചപ്പെടുത്തുന്നു.

മരുന്ന് വിതരണം – 8.35 ലക്ഷം
പഞ്ചായത്തിലെ പാവപ്പെട്ട രോഗികൾക്കും നിത്യരോഗികൾക്കും ആശ്വാസം നൽകുന്നതിനും ആരോഗ്യ മേഖല മെച്ചപ്പെടുത്തുന്നതിനുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

പഞ്ചായത്ത് ഓഫീസിലെ പാശ്ചാത്തല സൗകര്യം – 8 ലക്ഷം
സദ്ഭരണത്തിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലെ പാശ്ചാത്ത സൗകര്യം മെച്ചപ്പെടുന്നതിനും ആയതിലൂടെ സേവന പ്രവർത്തനങ്ങൾ വേഗം കൂട്ടുന്നതിനുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

.

നാദാപുരം ഗ്രാമ പഞ്ചായത്ത്



പെർഫോർമൻസ് ബജറ്റ്

2024–25

ക്രമ നമ്പർ	പദ്ധതി	പ്ലാൻ	നോൺപ്ലാൻ	ആകെ	പ്രതീക്ഷിക്കുന്ന നേട്ടം
1	തെങ്ങിന് ജൈവ വളം	600000		600000	മെച്ചപ്പെട്ട വിളവ് ദാരിദ്ര്യ ലഘൂകരണം
2	ഇടവേളകൃഷി	397240		397240	മെച്ചപ്പെട്ട വിളവ് ഭക്ഷ്യസുരക്ഷ
3	ടെറസ്സിലും മുറ്റത്തുംപട്ടക്കറി	1100000		1100000	മെച്ചപ്പെട്ട വിളവ് ഭക്ഷ്യസുരക്ഷ
4	നെൽകൃഷി വ്യാപനം	100000		100000	മെച്ചപ്പെട്ട വിളവ് ഭക്ഷ്യസുരക്ഷ
5	കവുങ്ങിൻതൈ വാഴകന്ന് വിതരണം	1127536		1127536	മെച്ചപ്പെട്ട വിളവ് ഭക്ഷ്യസുരക്ഷ
6	ഫലവൃക്ഷപാതയോരുക്കൽ	270000		270000	ആഗോളതാപന നിർമ്മാർജനം
7	ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ്	400000		400000	കർഷകർക്ക് സ്വയം പര്യയാപ്തത
8	ക്ഷേമ പെൻഷൻ	120000000		120000000	ദാരിദ്ര്യ ലഘൂകരണം വൃദ്ധരുടെയും അഗതികളുടെയും ക്ഷേമം
9	സ്പെഷ്യൽ സ്ക്കൂൾ നടത്തിപ്പ്	420000		420000	ഭിന്നശേഷിക്കാരുടെ സാമൂഹ്യജീവിതം മെച്ചപ്പെടുത്തൽ
10	റിംങ്ങ് കമ്പോസ്റ്റ്	14,18200		14,18200	ജലസുരക്ഷ,സുചിത്വം

നാദാപുരം ഗ്രാമ പഞ്ചായത്ത്



കുട്ടികളുടെ ബജറ്റ്

2024–2025

2024-25വാർഷിക പദ്ധതി -കുട്ടികളുടെ ബജറ്റ് കണക്കുകൾ

1	വാർഷിക പദ്ധതി വിഹിതം	35654000
2	പദ്ധതി വിഹിതത്തിന്റെ 5 %	17,82700
3	കുട്ടികൾക്കായുള്ള വകയിരുത്തലുകൾ	60,44000

ക്രമ നമ്പർ	പ്രൊജക്ടിന്റെ പേര്	അടങ്കൽ തുക
1	കുട്ടികളുടെ പാർക്ക്	1000000
2	നാദാപുരം ഗവ. യു പി സ്ക്കൂൾ പരിഷ്ക്കരണം ബ്യൂട്ടിഫിക്കേഷൻ,ഫർണ്ണിച്ചർ വാട്ടർ പ്യൂരിഫയർ	1300000
3	അംഗനവാടിക്ക് ഷീറ്റ് ഇടൽ	500000
4	ക്രാഡിൽ അംഗനവാടിയാക്കൽ	250000
5	അംഗനവാടി പോഷകാഹാരം	2500000
6	അംഗനവാടി കലോൽസവം	50000
7	അംഗനവാടിക്ക് കളിയുപകരണം	400000
8	കുട്ടികളുടെ സമഗ്ര വികസനം	500000
9	എസ് സി വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ്	150000
10	എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി	200000
11	എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്	150000
12	ബാലസഭ	44000
13	കുട്ടികളുടെകോക്ലിയർ ഇൻപ്ലാന്റേഷൻ മെയിന്റനൻസ്	100000
	ആകെ	**71,44000**

നാദാപുരം ഗ്രാമ പഞ്ചായത്ത്



ജന്റർ ബജറ്റ്

2024-25

2024–25 വാർഷിക പദ്ധതി – ജന്റർ ബജറ്റ് കണക്കുകൾ

1	വാർഷിക പദ്ധതി വിഹിതം	35654000
2	പദ്ധതി വിഹിതത്തിന്റെ 5 %	3565400
3	വനിതകൾക്കായുള്ള വകയിരുത്തലുകൾ	39912000

2024–25 ലെ പദ്ധതികൾ

ക്രമ നമ്പർ	പ്രൊജക്ടിന്റെ പേര്	അടങ്കൽ തുക
1	ഇടവിള കൃഷി	400000
2	ടെറസ്സിലും മുറ്റത്തും എച്ച് ഡി പി ബേഗിൽ പച്ചക്കറി കൃഷി	900000
3	അടുക്കളതോട്ടം പച്ചക്കറി വിത്ത് വിതരണം	200000
4	വനിതകൾക്ക് കറവ പശു	660000
5	വനിതകൾക്ക് മുട്ടക്കോഴി	751200
6	മെൻസ്ട്രൽ കപ്പ് നല്കൽ	400000
7	കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ പ്രവർത്തനം	180000
8	വിശപ്പുരഹിത നാദാപുരം	150000
9	ജാഗ്രതാസമിതി	50000
10	വിധവാ പഠനം	50000
11	നാദാപുരം 12 ലേക്ക്	250000
	ആകെ	**3991200**